26 ജൂലായ് 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 006

# ശ്രീക്കുട്ടിക്കൊരു സ്വപ്ന വീട്

**ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള വീട് നിർമ്മാണം റെക്കോഡ് വേഗത്തിൽ പൂർത്തിയാക്കി കുടുംബശ്രീ വനിതകൾ**



ആലപ്പുഴയിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള വീടിന്റെ നിർമ്മാണം റെക്കോഡ് വേഗത്തിൽ പൂർത്തിയാക്കി കുടുംബശ്രീ വനിതാ നിർമ്മാണ സംഘം ശ്രദ്ധേയ നേട്ടം കൈവരിച്ചു. 27 വനിതകൾ ചേർന്ന സംഘം പള്ളിപ്പാട് സ്വദേശി കോളാച്ചിറ രമേശന്റെ കുടുംബത്തിനായി വീട് നിർമ്മിച്ച് നൽകിയത് വെറും 40 ദിവസത്തിനുള്ളിൽ. രമേശന്റെയും ഭാര്യ ഷീജാമ്മയുടെയും മകളായ രണ്ടാം ക്ലാസ്സ് വിദ്യാർത്ഥിനി ശ്രീക്കുട്ടിയുടെ വീട് എന്ന സ്വപ്നം സഫലമാക്കിയ ഈ പ്രൊജക്ടിന് ശ്രീക്കുട്ടിക്കൊരു സ്വപ്ന വീട് എന്ന പേരാണ് നൽകിയിരുന്നത്. രമേശനും ഷീജാമ്മയും തൊഴിലുറപ്പ് തൊഴിലാളികളാണ്. എക്സാഥ് പരിശീലക സംഘത്തിന്റെ സഹായത്തോടെ ആലപ്പുഴയിൽ 32 കുടുംബശ്രീ വനിതകൾക്ക് വീട് നിർമ്മാണത്തിൽ പരിശീലനം നൽകിയിരുന്നു. അവരിലെ 27 പേരാണ് ശ്രീക്കുട്ടിയുടെ വീടിന്റെ നിർമ്മാണം നിർവ്വഹിച്ചത്. വീട് നിർമ്മാണവും പരിശീലനവും ഒരുമിച്ച് നടത്തി ചെലവ് പരമാവധി കുറച്ചു. നാല് മേസ്തിരിമാർ പരിശീലനത്തിന് നേതൃത്വം നൽകി. സംഘാംഗങ്ങൾക്ക് മോട്ടിവേഷണൽ ട്രെയ്നിങ്ങും ചുടുകട്ട, ഫെറോസ്ലാബ് നിർമ്മാണം എന്നിവയിലും പരിശീലനം നൽകി. ലൈഫ് പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണം ഇതേ രീതിയിൽ എല്ലാ ബ്ലോക്കിലും നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കേരളമൊട്ടാകെ കുടുംബശ്രീ വനിതകളുടെ 274 നിർമ്മാണ സംഘങ്ങളുണ്ട്. ഇതിൽ 70 സംഘങ്ങൾ പരിശീലനം പൂർത്തിയാക്കിവയരാണ്. ശേഷിച്ച 204 സംഘങ്ങൾ കൂടി പരിശീലനം പൂർത്തിയാക്കി നിർമ്മാണ മേഖലയിൽ സജീവമാകുന്നതോടെ കേരളത്തിലെ നിർമ്മാണ മേഖലയിൽ ശക്തമായ സാന്നിധ്യമായി മാറാൻ കുടുംബശ്രീയ്ക്ക് കഴിയും. പുതിയ സംഘങ്ങളിൽ 63 ടീമുകൾക്കുള്ള പരിശീലനം ആരംഭിച്ചു കഴിഞ്ഞു, ഇതിന്റെ ഭാഗമായി ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട 29 പേർക്കുള്ള വീടുകളും നിർമ്മിക്കും. ശേഷിച്ച സംഘങ്ങൾക്കുള്ള പരിശീലനം ഉടൻ ആരംഭിക്കും. ഇതിന്റെ ഭാഗമായി 70 വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 204 ഗ്രൂപ്പുകളിൽ ഒമ്പത് എണ്ണം നഗരങ്ങളിലും 195 എണ്ണം ഗ്രാമീണ മേഖലയിലുമാണ്.

ഭാവിയിൽ കെട്ടിട നിർമ്മാണ മേഖലയിൽ വിദഗ്ധരായ തൊഴിലാളികളുടെ അഭാവമുണ്ടാകുന്നത് കണക്കാക്കിയാണ് കുടുംബശ്രീ ഈ മേഖലയിലേക്ക് ചുവടുവച്ചത്. പല സർക്കാർ ഭവന നിർമ്മാണ പദ്ധതികളിലും ഇവരുടെ സേവനം ഉപയോഗിക്കാനാകുമെന്നും കുടുംബശ്രീ കരുതുന്നു. ഈ സാമ്പത്തിക വർഷം കേരളത്തിൽ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം രണ്ടരലക്ഷത്തിലേറെ വീടുകളാണ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. അതിനാൽ തന്നെ ഈ നിർമ്മാണ സംഘങ്ങൾക്ക് തൊഴിൽ ലഭ്യതയും ഉറപ്പാണ്. പരിശീലനം നൽകിയ സംഘങ്ങളെ മൈക്രോ കോൺട്രാക്ടർമാരായി മാറ്റുകയെന്ന ലക്ഷ്യവും കുടുംബശ്രീയ്ക്കുണ്ട്.



സംസ്ഥാന നിർമ്മിതി കേന്ദ്ര, ജില്ലാ നിർമ്മിതി കേന്ദ്ര, മൈത്രി, ഹാബിറ്റാറ്റ്, തൃശൂർ ലേബർ കോൺട്രാക്റ്റിങ് സൊസൈറ്റി, പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന ഹൗസിങ് ബോർഡ്,. കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കോസ്റ്റ്ഫോർഡ്, ഉരളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി, കിറ്റ്കോ, എക്സാഥ് തുടങ്ങിയ അംഗീകൃത ഏജൻസികളാണ് കുടുംബശ്രീ നിർമ്മാണ സംഘങ്ങൾക്ക് പരിശീലനം നൽകുന്നത്.

## കുടുംബശ്രീ മാട്രിമോണി ഇനി സംസ്ഥാനമെങ്ങും

കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷൻ വേറിട്ട സംരംഭമായി ആരംഭിച്ച കുടുംബശ്രീ മാട്രിമോണിയുടെ സേവനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നു. കണ്ണൂർ, കോഴിക്കോട്, എറണാകുളം, ആലപ്പുഴ, കോട്ടയം, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ ഓഗസ്റ്റോടെ മാട്രിമോണി സേവനം ആരംഭിക്കും. നിലവിലുള്ള കുടുംബശ്രീ മാട്രിമോണി വെബ്സൈറ്റ് സംസ്ഥാനതല പ്രവർത്തനങ്ങൾക്കായും ഉപയോഗിക്കും. കാസർഗോഡ് ജില്ലയിൽ 1000 വോളന്റിയർമാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ആദ്യ ഘട്ടത്തിൽ ജില്ലാതല ഓഫീസുകളാണ് തുറക്കുക. പിന്നീട് ബ്ലോക്ക്, താലൂക്ക് തലത്തിൽ ഓഫീസുകൾ ആരംഭിക്കും. ജില്ലാതല ഓഫീസിൽ ജില്ലാ കോ ഓർഡിനേറ്റർമാരുമുണ്ടാകും. മാട്രിമോണി സേവനം നേടാൻ താത്പര്യമുള്ളവർക്ക് നേരിട്ട് ഓഫീസിലെത്തിയോ ഫോൺ വഴിയോ ഓൺലൈനായോ രജിസ്ട്രർ ചെയ്യാനാകും. ഇതുവരെ നൂറിലേറെ വിവാഹങ്ങൾ കുടുംബശ്രീ മാട്രിമോണി വഴി നടന്നു കഴിഞ്ഞു, മാസവരുമാനമായി 40000 മുതൽ 60000 രൂപ വരെ ലഭിക്കുന്നു.

വിവാഹത്തട്ടിപ്പുകൾ വ്യാപകമാകുന്നതും ബ്രോക്കർ ഫീസായി കനത്ത തുക നൽകേണ്ടി വരുന്നതുമായ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായാണ് കുന്നംകുളത്തിന് സമീപ പ്രദേശമായ പോർക്കുളത്തെ സിഡിഎസ് കുടുംബശ്രീ മാട്രിമോണി എന്ന ആശയവുമായി മുന്നോട്ട് വന്നത്. സിഡിഎസ് പ്രസിഡന്റായിരുന്ന സിന്ധു ബാലൻ കുടുംബശ്രീ ജില്ലാ മിഷൻ യോഗത്തിൽ അവതരിപ്പിച്ച മാട്രിമോണിയെന്ന ആശയം ജില്ലാ മിഷൻ സ്വീകരിക്കുകയായിരുന്നു. 2016 ജൂലൈ 25ന് വ്യവസായ മന്ത്രി എ.സി. മൊയ്തീൻ കുടുംബശ്രീ മാട്രിമോണി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ സംവിധാനത്തിലൂടെ ഏറ്റവും താഴെ തട്ടിൽ നിന്ന് ഒരു വ്യക്തിയുടെ സൂക്ഷ്മ വിവരങ്ങൾ അറിയാൻ സാധിക്കുമെന്നത് കുടുംബശ്രീ മാട്രിമോണിയുടെ വിശ്വാസ്യത ഉറപ്പിക്കുന്നു.

അയൽക്കൂട്ടാംഗങ്ങളുടെ വീടുകളിൽ നിന്നുള്ളവർക്ക് 750 രൂപയും അല്ലാത്തവർക്ക് 1000 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്ട്രർ ചെയ്യുന്നവരെക്കുറിച്ച് അതാത് സിഡിഎസുകൾ മുഖേന വിശദമായ അന്വേഷണം നടത്തി വിവരങ്ങളെല്ലാം പരിശോധിച്ച ശേഷം മാത്രമേ അവരുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ നൽകൂ. വെബ്സൈറ്റ് വഴി ലോഗ് ഇൻ ചെയ്ത് ഓരോരുത്തർക്കും അനുയോജ്യരായ പങ്കാളികളെ തേടി കണ്ടെത്താനാകും.

## തെരുവുനായ നിയന്ത്രണ പദ്ധതി: കുടുംബശ്രീ സംസ്ഥാനതല ഫോട്ടോഗ്രാഫി-ലോഗോ രൂപകൽപ്പന മത്സരം: വിജയികളെ തിരഞ്ഞെടുത്തു

കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന തെരുവുനായ നിയന്ത്രണ പദ്ധതി (എബിസി)യുടെ പ്രാധാന്യവും ആവശ്യകതയും കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ഫോട്ടോഗ്രാഫി-ലോഗോ രൂപകൽപ്പന സംസ്ഥാനതല മത്സര വിജയികളെ തിരഞ്ഞെടുത്തു. "തെരുവുനായ പ്രശ്നം" എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച ഫോട്ടോഗ്രാഫി മത്സരത്തിൽ ദേശാഭിമാനി തിരുവനന്തപുരം യൂണിറ്റിലെ ഫോട്ടോഗ്രാഫറായ സുമേഷ് കൊടിയത്ത് ഒന്നാം സ്ഥാനവും കേരള കൗമുദി കൊച്ചി യൂണിറ്റിലെ ഫോട്ടോഗ്രാഫർ സുധർമ്മദാസ് രണ്ടാം സ്ഥാനവും നേടി. വിജയികൾക്ക് യഥാക്രമം പതിനായിരം, അയ്യായിരം രൂപ വീതം ലഭിക്കും. മലയാള മനോരമ മലപ്പുറം യൂണിറ്റിലെ സീനിയർ ഫോട്ടോഗ്രാഫർ ടി. പ്രദീപ് കുമാർ പ്രത്യേക ജൂറി പരാമർശത്തിന് അർഹനായി. ലോഗോ രൂപകൽപ്പനയിൽ തൃശൂർ ഒല്ലൂർ സ്വദേശിയായ കെ.എസ് അനന്തകൃഷ്ണൻ വിജയിയായി. പതിനായിരം രൂപയാണ് സമ്മാനം.

പ്രശസ്ത ഫോട്ടോഗ്രാഫർ ആർ. ഗോപാലകൃഷ്ണൻ, കുടുംബശ്രീ ഡയറക്ടർ ആർ. റംലത്ത്, പബ്ലിക് റിലേഷൻസ് ഓഫീസർ ജയന്തി നരേന്ദ്രൻ, എബിസി പദ്ധതി എക്സ്പേർട്ട് ഡോ. എൽ. രവികുമാർ എന്നിവരടങ്ങിയ വിദഗ്ധ സമിതിയാണ് വിജയികളെ തിരഞ്ഞെടുത്തത്. എൻട്രികൾ മികച്ച നിലവാരം പുലർത്തിയെന്നും മത്സരത്തിനായി നൽകിയ വിഷയത്തോട് നീതി പുലർത്തിയെന്നും ജൂറി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തി വരുന്ന ബോധവൽക്കരണ ക്യാമ്പെയ്ൻ "സുരക്ഷ-2018"ന്റെ സമാപനത്തോടനുബന്ധിച്ച് ജൂലൈ 31 ന് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന ചടങ്ങിൽ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യും.



*കുടുംബശ്രീ സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ചിത്രം*

അഗതിരഹിത കേരളം 02

# ഗുണഭോക്താക്കളാകാൻ വേണ്ട മാനദണ്ഡങ്ങൾ

സാമൂഹിക ഭൗതിക ആസ്തികൾ ഇല്ലാത്ത ഒരു കുടുംബത്തെ അല്ലെങ്കിൽ വ്യക്തിയെയാണ് സാധാരണയായി അഗതിയായി സമൂഹം പരിഗണിക്കുക. അശരണരും നിരാലംബരുമായ ഇവരെ കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുവാനായി സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അഗതിരഹിതകേരളം (ആശ്രയ). ഒരു കുടുംബത്തെ അഗതി കുടുംബമായി പരിഗണിക്കുന്നത് ക്ലേശ ഘടകങ്ങളുടെയും അധിക ക്ലേശ ഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഒൻപത് ക്ലേശ ഘടകങ്ങളിൽ (പട്ടിക 1) ഏഴെണ്ണവും ഒരു അധിക ക്ലേശ ഘടകവും (പട്ടിക 2) ബാധകമാകുന്ന കുടുംബത്തെയാണ് അഗതി കുടുംബമായി പരിഗണിക്കുന്നത്. ഇതോടൊപ്പം മുൻ ആശ്രയ ഗുണഭോക്താക്കളിൽ ഇനിയും സേവനം ആവശ്യമുള്ളവരെ, പ്രത്യേകിച്ച്, ഭക്ഷണം, ചികിത്സാ, വിദ്യാഭ്യാസം എന്നിവയ്ക്ക് തുക കണ്ടെത്താൻ നിർവ്വാഹമില്ലാത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

**പട്ടിക 1. ക്ലേശ ഘടകങ്ങൾ**

- **ഭൂരഹിതർ / 10 സെന്റിൽ താഴെ ഭൂമിയുള്ളവർ (ഗ്രാമപ്രദേശങ്ങൾ) / 5 സെന്റിൽ താഴെ ഭൂമിയുള്ളവർ (നഗരപ്രദേശങ്ങൾ)**
- **ഭവനരഹിതർ / ജീർണ്ണിച്ച വീട്ടിൽ താമസ്സിക്കുന്നവർ**
- **150 മീറ്ററിനുള്ളിൽ കുടിവെള്ള സൗകര്യം ഇല്ല**
- **ശുചിത്വ കക്കൂസ് ഇല്ല**
- **ജോലിയുള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം (ഒരു മാസം 10 ദിവസത്തിൽ താഴെ മാത്രം ജോലി)**
- **വനിത കുടുംബനാഥയായുള്ള കുടുംബം**
- **ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, തീരാവ്യാധികൾ പിടിപെട്ടവരോ ഉള്ള കുടുംബം**
- **പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ച കുടുംബം**
- **പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം**

**പട്ടിക 2.**

| കുടുംബത്തിന് ബാധകമായ അധിക ക്ലേശഘടകങ്ങൾ (ഗ്രാമപ്രദേശങ്ങൾ) | കുടുംബത്തിന് ബാധകമായ അധിക ക്ലേശഘടകങ്ങൾ (നഗരപ്രദേശങ്ങൾ) |
|---|---|
| ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ) | രാത്രികാലം, പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ |
| രാത്രികാലം, പൊതുസ്ഥലങ്ങളിലും, തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ | സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ |
| അവിവാഹിതയായ അമ്മ/അമ്മയും കുഞ്ഞും മാത്രം/ഭർത്താവ് ഉപേക്ഷിച്ചതും ദുരിതമനുഭവിക്കുന്നവരുമായ വനിതകൾ | ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ |
| സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ | ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം |
| തീരാവ്യാധികൾ/ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും | അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ |
| കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരുംതന്നെയില്ലാത്ത കുടുംബം | തെരുവു കുട്ടികൾ, ദുർഗ്ഗുണ പരിഹാരപാഠശാല (Juvenile Home), അഗതി മന്ദിരം (Poor home) എന്നിവിടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം |
| ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ | കുടുംബം പോറ്റുന്നതിന് തൊഴിൽ ചെയ്യാൻ നിർബന്ധിതരായ 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള കുടുംബം |
| അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ | ലൈംഗിക തൊഴിലാളികൾ (Commercial sex workers) ഉള്ള കുടുംബം |
| | അബല മന്ദിരത്തിൽ താമസ്സിക്കുന്ന വനിത അംഗമായുള്ള കുടുംബം |
| | ചേരി പ്രദേശങ്ങളിൽ താമസ്സിക്കുന്ന കുടുംബം |

പദ്ധതി ഗുണഭോക്താവാകുന്ന കുടുംബത്തിന്റെ അതിജീവനാവശ്യങ്ങൾ, അടിസ്ഥാനാവാശ്യങ്ങൾ, വികസനാവശ്യങ്ങൾ, മാനസികാവശ്യങ്ങൾ എന്നിവ സാധൂകരിക്കുന്ന സേവനങ്ങളാണ് നൽകുക. അതായത്, ഭക്ഷണം, ചികിത്സാ, വസ്ത്രം, വിദ്യാഭ്യാസം, പെൻഷൻ ലഭ്യമാക്കുന്നതിനു ള്ള സഹായം (അതിജീവനാവശ്യങ്ങൾ), ഭൂമി, വീട്/ വീട് പുനരുദ്ധാരണം, കുടിവെള്ളം, ശൗചാലയം, വൈദ്യുതിവത്ക്കരണം (അടിസ്ഥാനാവാശ്യങ്ങൾ), തൊഴിൽ/ തൊഴിൽ പരിശീലനം (വികസനാവശ്യങ്ങൾ), കൗൺസിലിങ്, കുടുംബശ്രീ അയൽക്കൂട്ട അംഗത്വവും അത് വഴി സാമൂഹ്യവത്ക്കരണം (മാനസികാവശ്യങ്ങൾ) എന്നീ സേവനങ്ങളാണ് അഗതി രഹിതകേരളം പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ലഭ്യമാകുക.

**അടുത്ത ലക്കം: 'പദ്ധതി ഗുണഭോക്താവിന് ലഭ്യമാകുന്ന അതിജീവനാവശ്യങ്ങൾ'**
**കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com**

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com